ഫാറം-II
[ചട്ടം16 (1) കാണുക]
തലശ്ശേരി മുനിസിപ്പൽ കൌൺസിൽ

**2016 – ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9 -ാം ആക്ട്) ലെ 36 -ാം വകുപ്പ് 1-ാം ഉപവകുപ്പ്, 50-ാം വകുപ്പ് 2-ാം ഉപവകുപ്പ് എന്നിവ പ്രകാരം തലശ്ശേരി നഗരസഭാ പ്രദേശത്തിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ ഭാഗികമായി വ്യതിയാനം വരുത്തുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം**

(നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായും, നഗരത്തിന്റെ നിലവിലെ ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾക്കും, അതുമായി ബന്ധപ്പെട്ട വികസനങ്ങൾക്കും അനുയോജ്യമായ വിധം മാറ്റങ്ങൾ ഉൾപ്പെടുത്തികൊണ്ടും നഗരത്തിന്റെ വികസനഗതിയോടു ചേർന്ന് പോകുന്ന തരത്തിൽ ഭൂവിനിയോഗത്തിന്റെ മേഖലാ നിയന്ത്രണ ചട്ടങ്ങളിൽ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിന്, ഡെവലപ്മെൻറ് പ്ലാൻ ഫോർ ടെല്ലിച്ചേരി(തലശ്ശേരി)ടൌൺ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്നു. )

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ്, 50-ാം വകുപ്പ് 2-ാം ഉപവകുപ്പ് എന്നിവ പ്രകാരം തലശ്ശേരി മുനിസിപ്പൽ കൌൺസിൽ താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോട് കൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടിയുള്ള അംഗീകൃത ഡെവലപ്മെന്റ് പ്ലാൻ ഫോർ ടെല്ലിച്ചേരി(തലശ്ശേരി) ടൌൺ ഭാഗികമായി വ്യതിയാനം വരുത്തുവാൻ 29/12/2022 തീയ്യതിയിൽ നടന്ന കൌൺസിൽ യോഗത്തിലെ 17 -ാം നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ധർമ്മടം ഗ്രാമപഞ്ചായത്ത്, എരഞ്ഞോളി ഗ്രാമപഞ്ചായത്ത്, തലശ്ശേരി മുനിസിപ്പാലിറ്റിയിൽ കോടിയേരി (179) |
| കിഴക്ക് | : | മൂഴിക്കര (180) ദേശങ്ങളിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ, എരഞ്ഞോളി ഗ്രാമപഞ്ചായത്ത്. |
| തെക്ക് | : | ലക്ഷദ്വീപ് കടൽ, ന്യൂമാഹി ഗ്രാമപഞ്ചായത്ത്, തലശ്ശേരി മുനിസിപ്പാലിറ്റിയിലെ വയലളം (170), കോടിയേരി(179) ദേശങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ. |
| പടിഞ്ഞാറ് | : | ലക്ഷദ്വീപ് കടൽ |

(ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി
1535 ഹെക്ടർ

2016 ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി

(ഒപ്പ്)
ചെയർപേഴ്സൺ

സ്ഥലം: തലശ്ശേരി

തീയ്യതി:13/08/2024

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

Digitally signed by VEERAN T
Date 2024.08.17 02:07:54 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/